# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## നല്ല അച്ചന്മാരാകാനുള്ള വഴി പറയാം - പാപ്പാ നവവൈദികരോട്



സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽവച്ച് ഞായറാഴ്ച താൻ പട്ടം കൊടുത്ത 13 നവവൈദികരോടായി ഫ്രാൻസീസ് പാപ്പ സംസാരിക്കുകയായിരുന്നു. കുമ്പസാരക്കാരെ കുറ്റപ്പെടുത്തുകയും വിധിക്കുകയും ചെയ്യുന്നതിനാൽ കുമ്പസാരിക്കാൻ പോകാത്തവരുണ്ടെന്ന് പാപ്പാ പറഞ്ഞു. ഇത്തരം സംഭവങ്ങളിൽ തനിക്കേറെ വേദനയുണ്ടെന്നും അദ്ദേഹം പറഞ്ഞു.
"നിങ്ങൾ ദയവായി ഇങ്ങനെ ചെയ്യരുത്."പതിമൂന്ന് നവാഭിഷിക്തരോടായി പാപ്പാ പറഞ്ഞു."നിങ്ങൾ അനുകരിക്കേണ്ടത് സുവിശേഷത്തിലെ യേശുവിന്റെ മാതൃകയാണ്. കാരുണ്യം കാണിക്കുന്നതിൽ അവൻ ഒരിക്കലും പിശുക്കു കാണിക്കുന്നില്ല."

കുറ്റം വിധിക്കാനല്ല ക്ഷമിക്കാനും കാരുണ്യം കാണിക്കാനുമാണ് യേശു വന്നതെന്ന കാര്യം വൈദികർ ഒരിക്കലും മറക്കരുതെന്നും പാപ്പാ പറഞ്ഞു.